സി അശോകൻ

# നവലിബറലിസത്തിന്റെ വളർച്ചയും പ്രത്യാഘാതങ്ങളും

കോർപ്പറേറ്റ് ക്യാപ്പിറ്റലിസമെന്നും ഉത്തരാധുനിക സാമൂഹിക അവസ്ഥയെന്നും കെട്ടുകാഴ്ചകളുടെ സമൂഹമെന്നും ഒക്കെ വിളിക്കപ്പെടുന്ന വർത്തമാനകാല മുതലാളിത്ത ലോകത്തെയും അതിന്റെ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തെയും വിശകലനം ചെയ്യുന്ന പുസ്തകമാണ് നവലിബറലിസം. കെ എ വേണുഗോപാലൻ എന്ന രാഷ്ട്രീയ ചിന്തകൻ പുലർത്തുന്ന ജാഗ്രതയും പാടവവും ഈ പുസ്തകത്തെ ശ്രദ്ധേയമാക്കുന്നു. വളരെ വലിപ്പമേറിയ ഒന്നോ അതിലധികമോ വാല്യങ്ങളുള്ള ബൃഹദ് ഗ്രന്ഥമായി എഴുതാവുന്ന ഒരു വിഷയത്തെ കൈയടക്കത്തോടെ തെളിമയുള്ള ശൈലിയിൽ അവതരിപ്പിക്കുന്നതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നു. 109 പുറങ്ങളിലായി 16 അധ്യായങ്ങളിലൂടെ മുതലാളിത്ത വ്യവസ്ഥയും അതിന്റെ സാമ്പത്തിക ക്രമവും നവലിബറൽ രാഷ്ട്രീയ വ്യവസ്ഥയായി പരിണമിച്ചത് എങ്ങനെയെന്നാണ് വേണുഗോപാലൻ ആഖ്യാനം ചെയ്യുന്നത്.

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ തന്നെ ഊഹാത്മക മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തെമ്പാടും അസമത്വവും ദാരിദ്ര്യവും സൃഷ്ടിച്ചുകൊണ്ട് മുന്നേറിയ ധനവിപണി വലിയ തകർച്ചയെ നേരിടുകയും അമേരിക്കയും മറ്റു മുതലാളിത്ത രാജ്യങ്ങളും വലിയ കമ്പനികളെ തകർച്ചയിൽ നിന്നും കരകയറ്റുവാൻ വൻതോതിൽ പണം നൽകുന്നതുമായ കാഴ്ച നാം കണ്ടതാണ്. കടത്തിന്റെ മേൽ കെട്ടിപ്പൊക്കപ്പെടുന്ന ആസ്തികളുടെ അഥവാ കുമിളകൾ എന്നു വിളിക്കപ്പെടുന്ന സാമ്പത്തിക പ്രതിഭാസത്തിന്റെ തകർച്ച ബഹുരാഷ്ട്ര മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ അടിത്തറതന്നെ ഇളക്കുവാൻ പര്യാപ്തമായിരുന്നു. ഇപ്പോഴും പ്രതിസന്ധിയെ മുറിച്ചു കടക്കാൻ മുതലാളിത്തത്തിനു പൂർണമായും കഴിഞ്ഞിട്ടില്ല. അമേരിക്കയിൽ നടന്ന വാൾസ്ട്രീറ്റ് പ്രക്ഷോഭവും ലോകത്തിന്റെ പലഭാഗങ്ങളിൽ ഇപ്പോഴും തുടരുന്ന സമരങ്ങളും ആഗോളവൽക്കരണത്തിന്റെയും ഉദാരീകരണത്തിന്റെയും കെടുതികളുടെ ഫലമാണ്. ഈയവസ്ഥയെ വിശകലനം ചെയ്തുകൊണ്ട് സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ലോകത്തെ നിയന്ത്രിക്കുന്ന ത്രിമൂർത്തി രാഷ്ട്രങ്ങളെ വേണുഗോപാലൻ ചൂണ്ടിക്കാട്ടുന്നു. നൂറു രാഷ്ട്രാന്തരീയ കോർപ്പറേറ്റുകളുടെ ഘടന വ്യക്തമാക്കുന്നത് ത്രിമൂർത്തി രാഷ്ട്രങ്ങൾ (അമേരിക്കൻ ഐക്യനാടുകൾ, യൂറോപ്യൻ യൂണിയൻ, ജപ്പാൻ) ആണ് ഇപ്പോഴും ലോക സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്നത് എന്നാണ്. ലോകത്തിലെ ഏറ്റവും സമ്പന്നരായ രണ്ടു ശതമാനം ആളുകളാണ് ആഗോളസമ്പത്തിന്റെ പകുതിയിലേറെ സ്വന്തമാക്കി വച്ചിരിക്കുന്നത്. കോർപ്പറേറ്റ് മുതലാളിത്തം അഥവാ രാജ്യാന്തര മുതലാളിത്ത സ്ഥാപനങ്ങൾ വളർന്നു വന്നത് കൊളോണിയൽ വിരുദ്ധ സമരത്തിലൂടെ രൂപപ്പെട്ട ദേശരാഷ്ട്രങ്ങളുടെ അധികാരത്തെയും നിയന്ത്രണ പരിധികളെയും അതിവർത്തിച്ചുകൊണ്ടാണ്. ദേശ രാഷ്ട്രങ്ങളെപ്പോലും നിയന്ത്രിക്കുന്ന ഐ.എം.എഫ്, ലോകബാങ്ക്, ലോകവ്യാപാര സംഘടന തുടങ്ങിയ അന്തർ ദേശീയ ധനകാര്യ സ്ഥാപനങ്ങൾ രൂപം കൊണ്ടതും ബഹുരാഷ്ട്ര മുതലാളിത്തത്തിന്റെ വളർച്ചയുടെ ഭാഗമായാണ്. 1944 ൽ രൂപം കൊണ്ട ഐ.എം.എഫ് അഥവാ ഇന്റർ നാഷണൽ മോണിറ്ററി ഫണ്ട് എങ്ങനെയാണ് അമേരിക്കയുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന സ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കുന്നത് എന്നത് കാര്യകാരണ സഹിതം വേണുഗോപാലൻ ഈ പുസ്തകത്തിൽ വ്യക്തമാക്കുന്നു. വികസ്വര രാഷ്ട്രങ്ങൾ ഐ എം എഫിൽ നിന്നും വായ്പ വാങ്ങുമ്പോൾ തങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ ഐ എം എഫിന്റെ മേൽനോട്ടത്തിൽ ഘടനാപരമായ പരിഷ്കാരങ്ങൾ നടത്തുവാൻ നിർബന്ധിതരാകുന്നതും അതിന്റെ ഫലമായി ഈ രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതം ദുരിതമായിത്തീർന്നതും ഈ പുസ്തകം ചൂണ്ടിക്കാട്ടുന്നു. കർഷകരെയും പരമ്പരാഗത തൊഴിൽമേഖലയിൽ പണിയെടുക്കുന്നവരെയും മാത്രമല്ല ഇന്ത്യയിലെ ദലിത് സമൂഹത്തെയും നവലിബറൽ സാമ്പത്തിക നയം കൂടുതൽ വിവേചനത്തിനും പാർശ്വവൽക്കരണത്തിനും ഇടയാക്കുന്നത് എങ്ങനെയെന്നും

ഈ പുസ്തകത്തിൽ വിശദീകരിക്കുന്നുണ്ട്. അധഃകൃതമായ തൊഴിലുകളിൽ ഏർപ്പെടുന്ന ദലിത് തൊഴിലാളികൾ തൊഴിലാളി വർഗത്തിൽ നിന്നുപോലും സാമൂഹികമായ വേർതിരിവിന് ഇരയാക്കപ്പെടുന്നതിനെക്കുറിച്ചും ഗ്രന്ഥകാരൻ പരാമർശിക്കുന്നു. ജാതീയമായ വിവേചനങ്ങളെ ഇല്ലാതാക്കുന്നതിനു പകരം അവയെ ദൃഢീകരിക്കുന്നതിനും ദലിത് ജനതയെ ദുരിതക്കയത്തിലേക്ക് തള്ളിയിടുന്നതിനുമാണ് ഇന്ത്യയിൽ നടപ്പിലാക്കപ്പെട്ട നവലിബറൽ സാമ്പത്തിക നയങ്ങൾ ഇടയാക്കിയത്. അതിന്റെയൊക്കെ ഫലമായി ഒരു വശത്ത് മധ്യമ ജാതികളും സവർണ ജാതികളും വരെ സംവരണം ആവശ്യപ്പെടുന്ന നില വന്നു. സമ്പദ് വ്യവസ്ഥ കോർപ്പറേറ്റ് അനുകൂലവും ജനക്ഷേമ വിരുദ്ധവും ആയതിന്റെ ഫലമായാണ് കൂടുതൽ ജനങ്ങൾ ദുരിതവും പട്ടിണിയും അനുഭവിക്കുവാൻ ഇടവരുന്നത്. അതിന്റെ ഫലമായി ജാതികൾക്കിടയിൽ സംഘർഷം വളരുകയും ഏറ്റുമുട്ടലുകൾ ഉണ്ടാകുകയും ചെയ്യുന്നു. ഇന്ത്യയിലെ ജാതികൾക്കിടയിലെ സംഘർഷങ്ങളും ഏറ്റുമുട്ടലുകളും പ്രച്ഛന്നമായ വർഗസമരം തന്നെയാണ് എന്ന് വേണുഗോപാലൻ അടിവരയിട്ടുപറയുന്നു.

നവലിബറൽ രാഷ്ട്രീയത്തിന്റെ ഭാഗമായാണ് ഇന്ത്യയിൽ സ്വത്വരാഷ്ട്രീയം വളർന്നത്. ജാതി തന്നെ വ്യക്തി സ്വത്വത്തിന്റെ പ്രധാന ഘടകമായി മാറുകയും ജാതിയെ മുൻ നിർത്തി രാഷ്ട്രീയ പാർട്ടികൾ രൂപപ്പെടുകയും ചെയ്തത് നവ ലിബറൽ നയങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കപ്പെട്ടതോടെയാണ്. എന്നാൽ ഈ ജാതിരാഷ്ട്രീയത്തിന് ഓരോ ജാതിയിലെയും അടിസ്ഥാന വിഭാഗത്തിന് അതായത് താഴെ തട്ടിൽ ജീവിക്കുന്ന ജനങ്ങൾക്ക് അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും ചെയ്യുവാൻ കഴിയുന്നില്ല. മറിച്ച് വോട്ടു ബാങ്ക് രാഷ്ട്രീയമായി ജാതിയെ ഉപയോഗിച്ചുകൊണ്ട് ഒരു സമ്പന്ന വിഭാഗം കൂടുതൽ ആനുകൂല്യങ്ങൾ നേടിയെടുക്കുകയും അഴിമതിക്കാരായി വളരുകയും ചെയ്യുന്നു. വർഗരാഷ്ട്രീയത്തിന്റെ വളർച്ചയെയും ദൃഢീകരണത്തെയും ആണ് സ്വത്വ രാഷ്ട്രീയം തടസ്സപ്പെടുത്തുന്നത്. കാർഷിക മേഖലയിലെയും മറ്റു തൊഴിൽ മേഖലകളിലെയും മൂർത്തമായ പ്രശ്നങ്ങളെ മുൻനിർത്തിയുള്ള സമരങ്ങൾ വളർന്നുവരികയും അതിന്റെ ഫലമായി വർഗ ബോധം ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നതിലൂടെ സ്വത്വരാഷ്ട്രീയത്തിന്റെ സ്വാധീനത്തെ മറികടക്കാൻ കഴിയുമെന്ന സൂചന വേണുഗോപാലൻ നൽകുന്നുണ്ട്. ഇന്ത്യയിൽ വളർന്നു വരുന്ന കർഷക – കർഷകത്തൊഴിലാളി പ്രക്ഷോഭങ്ങളും ആദിവാസി ദലിത് സമരങ്ങളും വർഗ രാഷ്ട്രീയത്തിന്റെ ശക്തിപ്പെടലിനെയാണ് കാണിക്കുന്നത്.




**നവലിബറലിസം**

**കെ എ വേണുഗോപാലൻ**
**പ്രസാ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**വില: ₹ 60**

‘സത്യാനന്തരം’ എന്നു വിശേഷിപ്പിക്കപ്പെടുന്ന വർത്തമാന കാല രാഷ്ട്രീയത്തിൽ വലതു പക്ഷ രാഷ്ട്രീയം ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ ധനസഹായത്തോടെയും സ്വത്വരാഷ്ട്രീയത്തിന്റെ സഹായത്തോടെയും ആണ് ഇന്ത്യയിൽ അധികാരം പിടിച്ചെടുത്തത്. ഹിന്ദു സ്വത്വത്തെ മുൻ നിർത്തി സംഘപരിവാർ സംഘടനകൾ വളർത്തിയെടുത്ത സ്വത്വരാഷ്ട്രീയം ന്യൂനപക്ഷങ്ങളെയും ദലിതരെയും അപരസ്ഥാനത്തു നിർത്തിയാണ് പ്രവർത്തിക്കുന്നത്. ഇന്ത്യയിലെ സാമ്പത്തിക കെടുതികളുടെ യഥാർഥ കാരണം മൂടിവച്ച് അതിനെല്ലാം ഉത്തരവാദികൾ ന്യൂനപക്ഷങ്ങൾ പ്രത്യേകിച്ച് മുസ്ലീങ്ങൾ ആണെന്ന പ്രചാരണം ശക്തിപ്പെടുത്തിയും ഒപ്പം തന്നെ ജാതിവ്യവസ്ഥയുടെ വിവേചനങ്ങൾക്കെതിരെ പോരാടുന്ന ദലിത് ജനതയെ വേട്ടയാടിക്കൊണ്ടുമാണ് സംഘപരിവാറിന്റെ വലതുപക്ഷ രാഷ്ട്രീയം ഹിന്ദുക്കളായ ജനങ്ങളെ സ്വാധീനിക്കുവാൻ ശ്രമിക്കുന്നത്. വർഗീയ ധ്രുവീകരണം ഉണ്ടാക്കുന്നതിനായി വ്യാജവാർത്തകൾ പ്രചരിപ്പിച്ചും നുണ പ്രചാരണങ്ങൾ വ്യാപകമാക്കിയും ആണ് സംഘപരിവാർ തങ്ങളുടെ രാഷ്ട്രീയത്തിന് ജനസമ്മിതി നേടുവാൻ ശ്രമിക്കുന്നത്. കോർപ്പറേറ്റുകൾക്ക് വൻതോതിൽ നികുതി ഇളവുകൾ നൽകിയും സാധാരണ ജനങ്ങളുടെ മേൽ നികുതിഭാരം അടിച്ചേൽപ്പിച്ചുമാണ് ബി.ജെ.പി സർക്കാർ ഇന്ത്യ ഭരിക്കുന്നത്. സാങ്കേതിക വിദ്യയുടേയും കോർപ്പറേറ്റുകളുടെ വൻതോതിലുള്ള ധന സഹായത്തിന്റെ പിന്തുണയോടെയും അവർ തങ്ങളുടെ അധികാരം നിലനിർത്തുന്നതിനായി ജനാധിപത്യ വിരുദ്ധ മാർഗങ്ങൾ അവലംബിച്ചും യാഥാർഥ്യങ്ങളിൽ നിന്നും ജനശ്രദ്ധ അകറ്റുന്നതിനായി ഭീകരവേട്ടയുടെ മറവിൽ മുസ്ലീങ്ങളെയും ദലിതരെയും വേട്ടയാടിയും കൃത്രിമമായ ദേശീയ വികാരം സൃഷ്ടിക്കുവാനാണ് ശ്രമിച്ചു വരുന്നത്. അതിർത്തിയിൽ ഭീകരാക്രമണങ്ങൾക്ക് വഴിയൊരുക്കിയും രക്തസാക്ഷികളാകുന്ന സൈനികരുടെ പേരിൽ പാക്കിസ്ഥാനെതിരെ യുദ്ധപുറപ്പാടുകൾ നടത്തിയും വീണ്ടും അധികാരത്തിലെത്തുവാൻ സംഘപരിവാർ സംഘടനകൾ ശ്രമിക്കുന്ന ഈ സന്ദർഭത്തിൽ കെ. എ വേണുഗോപാലന്റെ ‘നവലിബറലിസം’ എന്ന പുസ്തകം നമ്മുടെ രാഷ്ട്രീയ, ചരിത്ര, സാംസ്കാരിക യാഥാർഥ്യമെന്തെന്ന് കാട്ടിത്തരുകയും മറ്റൊരു ലോകം, അതായത് ജനാധ്യപത്യത്തിന്റെയും മതേതര മൂല്യങ്ങളുടെയും സമത്വത്തിന്റെതുമായ ലോകം സാധ്യവുമാണ് എന്ന് കാട്ടിത്തരുകയും ചെയ്യുന്നു. ●